**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2423 12.02.2020-ലെ മറുപടിയ്ക്ക്

**<u>കായികക്ഷമതാ മിഷൻ പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും<br>വകുപ്പ് മന്ത്രി | |
| (എ) | കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുവാനായി കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും യുവതിയുവാക്കളിലും ഉൾപ്പെടെ കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യഥാർത്ഥ്യം ഉൾക്കൊണ്ട് കൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത, കൈവരിക്കുന്നതിനു വേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ കുട്ടികൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും ഉറപ്പുവരുത്തുന്നതിനുവേണ്ടി "കേരള കായികക്ഷമതാ മിഷൻ" പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന സ്വീകരിച്ച് വരുന്നു. ഇതു സംബന്ധിച്ച പ്രോജക്ടിന്റെ അന്തിമഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | അഞ്ച് മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കായികക്ഷമത മെച്ചപ്പെടുത്തുവാൻ ആവശ്യമായ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ കമ്മിറ്റിയെ | (ബി) | കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികളുടെ കായിക ക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തിഗതമായി അളന്ന് പരിശോധിച്ച്, പരിശോധന ഫലം ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടികളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിനും, അതുവഴി ആരോഗ്യമുള്ള |

| | | | |
|---|---|---|---|
| | നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടു കൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിയ പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമത പദ്ധതി. 2008-ൽ ആരംഭിച്ച പദ്ധതി 2012-13 ന് ശേഷം ചില സാങ്കേതിക കാരണങ്ങളാൽ തുടരുവാൻ സാധിച്ചില്ല. പ്രസ്തുത പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതിനായി 5 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ കായിക ക്ഷമത എങ്ങനെ മെച്ചപ്പെടുത്താമെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ കായികക്ഷമത പരിശോധിച്ച് തിട്ടപ്പെടുത്തിയതിൽ ഭൂരിഭാഗം വിദ്യാർത്ഥികൾക്കും കായിക ക്ഷമത കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കണ്ടെത്തലുകളുടെയും പൊതുവായി കേരള സമൂഹത്തിൽത്തന്നെ മുഴുവൻ ജനവിഭാഗങ്ങൾക്കിടയിലും കായിക ക്ഷമതയുടെ കുറവും ജീവിത ശൈലി രോഗങ്ങളുടെ തോതിൽ വർദ്ധനവുണ്ടായതിന്റെയും അടിസ്ഥാനത്തിലാണ് കായികയുവജനകാര്യ വകുപ്പ് കേരള കായികക്ഷമത മിഷൻ എന്ന പുതിയ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**